പത്രക്കുറിപ്പ്
14-7-2017

## ജീവ: സംഘക്കൃഷി ഗ്രൂപ്പുകളെ ശക്തിപ്പെടുത്താൻ കുടുംബശ്രീയുടെ പുതിയ പദ്ധതി

തിരുവനന്തപുരം: കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളെ ശക്തിപ്പെടുത്തുന്നതിനും നേരിട്ട് പ്രവർത്തനങ്ങൾ വിശകലനം ചെയ്ത് പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനും പുതിയ പദ്ധതി വരുന്നു. ജീവ (ജെ.എൽ.ജി ഇവാലുവേഷൻ ഏജന്റ്)എന്നു പേരിട്ടിരിക്കുന്ന പദ്ധതി വഴി സംസ്ഥാനത്തെ കാർഷികമേഖലയിൽ വലിയതോതിലുള്ള മുന്നേറ്റം കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഭക്ഷ്യസുരക്ഷയും ഭക്ഷ്യസ്വാശ്രയത്വവും ലക്ഷ്യമിട്ടു നടപ്പാക്കുന്ന കുടുംബശ്രീയുടെ കാർഷിക പ്രവർത്തനങ്ങളെ സാങ്കേതികവും ശാസ്ത്രീയവുമായി ശക്തിപ്പെടുത്തുക എന്നതാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്. തരിശുരഹിത ഗ്രാമങ്ങൾ ലക്ഷ്യമിട്ടു നടപ്പാക്കുന്ന കാർഷിക പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതും പദ്ധതിയുടെ ഭാഗമാണ്.

കേരളത്തിലെ എല്ലാ ബ്ലോക്കുകളിൽ നിന്നും തിരഞ്ഞെടുത്ത നാലു പേരെ വീതം ഉൾപ്പെടുത്തിയാണ് ജീവ ടീം രൂപീകരിച്ചിട്ടുള്ളത്. ഇവർ കുടുംബശ്രീ സംവിധാനത്തിൽ പ്രവർത്തിക്കുന്ന മാസ്റ്റർ കർഷക പരിശീലകർ തന്നെയായിരിക്കും.

ജില്ലാതലത്തിൽ ഗ്രൂപ്പായി രജിസ്റ്റർ ചെയ്താണ് ജീവ ടീമിന്റെ പ്രവർത്തനം. പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തു രൂപീകരിച്ചിട്ടുള്ള 605 ജീവ ടീമുകൾ എഴുപതിനായിരത്തോളം വരുന്ന സംഘകൃഷി സംഘങ്ങളെ നേരിട്ട് സന്ദർശിക്കുകയും കാർഷിക മേഖലയിലെ അവരുടെ ഇടപെടലുകളെ പഠിക്കുകയും ചെയ്യും. വർഷത്തിൽ മൂന്ന് തവണയാണ് ജീവ ടീം സംഘകൃഷി സംഘങ്ങളെ സന്ദർശിക്കുക. ഇതിലൂടെ നിലവിൽ സംഘക്കൃഷി ഗ്രൂപ്പുകൾ നേരിടുന്ന പ്രശ്നങ്ങളെ കുറിച്ച് പഠിക്കാനും വിശദമായ ഡാറ്റാ ബാങ്ക് തയ്യാറാക്കാനും കഴിയും. ജീവ ടീം അംഗങ്ങൾ ശാസ്ത്രീയവും സാങ്കേതികവുമായ പരിശീലനം നേടിയ മാസ്റ്റർ കർഷക പരിശീലകരാ യതിനാൽ സംഘക്കൃഷി ഗ്രൂപ്പ് അംഗങ്ങൾക്ക് കൃഷി മെച്ചപ്പെടുത്തുന്നതിനും അതുവഴി കാർഷികോൽപാദനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ മാർഗനിർദേശങ്ങൾ നൽകാനും സാധിക്കും.

ജീവ സന്ദർശനം പൂർത്തിയാകുന്ന മുറയ്ക്ക് നിലവിൽ കൃഷിചെയ്യുന്ന സംഘങ്ങളുടെ വിശദാംശം ലഭ്യമാക്കുകയും ജനങ്ങൾക്ക് ആവശ്യമായ കാർഷിക ഉല്പന്നങ്ങൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്താനുമാകും. കാർഷിക മേഖലയിലെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കൃത്യമായി ജീവ ടീമിലൂടെ രേഖപ്പെടുത്താനാവും എന്നതും പദ്ധതിയുടെ മെച്ചമാണ്.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ